# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2564 — 17.06.2019-ൽ മറുപടിക്ക്

## വനമേഖലയെ കൂട്ടിയിണക്കി ആനത്താരകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വനമേഖലയെ കൂട്ടിയിണക്കി ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസി കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരുമോ; | എ) | വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വനമേഖലയെ കൂട്ടിയിണക്കി ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ടതായി വരും. എന്നാൽ മറ്റ് ജില്ലകളിൽ ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ട സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും ; ഇതിനകം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയുണ്ടായി; | ബി) | നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ 8 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും. ഇതുവരെ ആരേയും മാറ്റി പാർപ്പിച്ചിട്ടില്ല. |
| സി) | ദേശീയ വനവാസനിയമമനുസരിച്ച് വനത്തിനകത്ത് ആദിവാസികൾക്ക് സ്വയം നിർമ്മാണാവകാശമുണ്ടോ; | സി) | വനാവകാശ നിയമം 2006 പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളും ഉപജീവനമാർഗ്ഗങ്ങളും ഒരുക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ടി നിയമത്തിലെ രണ്ടാം അദ്ധ്യായത്തിലെ ഖണ്ഡിക (2)ൽ ചേർത്തിരിക്കുന്ന 14 തരത്തിലുള്ള അടിസ്ഥാന വികസന ആവശ്യങ്ങൾക്ക് ഓരോന്നിനുമായി ഗ്രാമസഭയുടെ ശിപാർശ പ്രകാരം പരമാവധി ഒരു ഹെക്ടർ വനഭൂമി പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതിന് വനാവകാശ നിയമ പ്രകാരം അനുമതി ലഭ്യമാകുന്നതാണ്. |
| ഡി) | എങ്കിൽ വനാവകാശനിയമം ഇനിയും നടപ്പാക്കാത്ത സംസ്ഥാനമെന്ന നിലയിൽ ഇത് പുനരധിവാസത്തിന് തടസ്സമാകുമോ; വിശദാംശങ്ങൾ നൽകുമോ? | ഡി) | സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ